LIBRARY ARCHIVES Kerala Legislative Assembly

## തിരുവനന്തപുരം-ചെന്നൈ മെയിൽ സൂപ്പർ ഫാസ്റ്റ് ആക്കിയത് റദ്ദ് ചെയ്യൻ നടപടി

131 [2258] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്ന് എറണാകുളം വഴി ചെന്നൈക്ക് പോകുന്ന തിരുവനന്തപുരം-ചെന്നൈ മെയിൽ സൂപ്പർഫാസ്റ്റ് ആക്കിയതിന്റെ ഉദ്ദേശമെന്തായിരുന്നു എന്ന് അന്വഷിച്ചിട്ടുണ്ടോ;

(ബി) സൂപ്പർ ഫാസ്റ്റ് ആക്കിയതിനുശേഷവും യാത്രാസമയത്തിനോ സൗകര്യത്തിലോ യാതൊരു മാറ്റവും അനുഭവപ്പെടുന്നില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സൂപ്പർഫാസ്റ്റ് ട്രെയിൻ ആക്കിയതുകൊണ്ട് സ്ഥിരം യാത്രക്കാർക്ക് ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ട്രെയിനിന്റെ സൂപ്പർ ഫാസ്റ്റ് പദവി റദ്ദാക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം-ചെന്നൈ മെയിൽ സൂപ്പർ ഫാസ്റ്റ് ആക്കിയത് റെയിൽവേ ബോർഡിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള ഒരു നയപരമായ തീരുമാനമായിരുന്നു.

(ബി) കേരളത്തിൽ നിന്നും ചെന്നൈയിലേയ്ക്ക് റോഡുമാർഗ്ഗമുള്ള യാത്രാ സൗകര്യം വർദ്ധിച്ചതുവഴിയുണ്ടായ മത്സരം കാരണം തിരുവനന്തപുരത്തുനിന്നും ചെന്നൈയ്ക്ക് ഒരു വേഗത കൂടിയ ട്രെയിൻ ഓടിക്കാൻ റെയിൽവേ നിർബന്ധിതമാകയാണുണ്ടായത്. സൂപ്പർ ഫാസ്റ്റ് ട്രെയിൻ ആക്കുക വഴി തിരുവനന്തപുരം-ചെന്നൈ യാത്രാസമയം 55 മിനിറ്റ് കണ്ട് കുറയ്ക്കുവാൻ കഴിഞ്ഞുവെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) യാത്രക്കാർക്ക് ഇതുമൂലം കൂടുതൽ ചാർജ്ജ് നൽകേണ്ടി വരുന്നുണ്ട്.

(ഡി) തിരുവനന്തപുരം-ചെന്നൈ റൂട്ടിൽ തിരുവനന്തപുരം-ചെന്നൈ-എഗ്മൂർ അനന്തപുരി എക്സ്പ്രസ്സ് എന്ന ട്രെയിൻകൂടി ഓടുന്നുണ്ട്. ആയതിനാൽ തിരുവനന്തപുരം-ചെന്നൈ മെയിൽ ട്രെയിനിന്റെ സൂപ്പർ ഫാസ്റ്റ് പദവി റദ്ദാക്കുവാൻ ആവശ്യപ്പെടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

132 [2259] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ:

(ബി) കോർപ്പറേഷന് കീഴിൽ നടത്തി വരുന്ന ജലഗതാഗത സർവ്വീസുകളെക്കുറിച്ച് വിശദമാക്കാമോ;

(സി) കിൻകോ ശ്രീലങ്കയിലേക്ക് യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇതിനായി ഇൻഡ്യാഗവൺമെന്റിന്റെ അനുമതിയും ശ്രീലങ്കൻ സർക്കാരിന്റെ അനുമതിയും ലഭിച്ചിട്ടുണ്ടോ;

(ഇ) സർവ്വീസ് എന്നുമുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. എറണാകുളത്തുനിന്നും സമീപ ദ്വീപുകളിലേക്ക് യാത്രാ ബോട്ടുകളുടെ സർവ്വീസ് നടത്തുക.

2. എഫ്.എ.സി.റ്റി.-ക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ബാർജുകൾ വഴി എത്തിച്ചു കൊടുക്കുക.

3. കൊച്ചി തുറമുഖത്തടുക്കുന്ന കപ്പലുകൾക്കാവശ്യമായ ഇന്ധനം ബാർജുകൾ വഴി എത്തിക്കുക.

4. സംസ്ഥാനജല അതോറിറ്റിക്കുവേണ്ടി ദ്വീപുകളിലെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുക.

5. സ്റ്റീൽ, ഫൈബർ തടി എന്നിവകൾ കൊണ്ട് പുതിയ ബോട്ടുകൾ ആവശ്യക്കാർക്ക് നിർമ്മിച്ചു നൽകുക.

6. എല്ലാവിധ യന്ത്രവൽകൃത ജലവാഹനങ്ങളുടെയും ചെറുതും വലുതുമായ അറ്റകുറ്റ പണികൾ നടത്തി കൊടുക്കുക.

7. ഐ.ഡബ്ല്യു.എ.ഐ.-യുമായി സഹകരിച്ചുകൊണ്ട് ജലപാതകളുടെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിർമ്മാണ ജോലികൾ ഏറ്റെടുത്ത് നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കൂടാതെ.

8. ജലവാഹനങ്ങൾ ഓടിക്കുന്നതിന് പരിശീലനം നൽകുന്നതിനുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് പുതിയതായി ആരംഭിക്കുന്നുണ്ട്.

(ബി) പ്രധാനമായും കെ.എസ്.ഐ.എൻ.സി. രണ്ട് തരം ഗതാഗത സർവ്വീസുകളാണ് നടത്തുന്നത്.

1. യാത്രാബോട്ട് സർവ്വീസ്.

2. ചരക്ക് ഗതാഗതം.

യാത്രാ ബോട്ടുകൾ എറണാകുളത്തുനിന്നും വൈപ്പിൻ, പനമ്പുകാട് മുരിക്കുംപാടം തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുകയാണ്. കൂടാതെ എല്ലാവിധ വാഹനങ്ങളും രണ്ട് കരകളിലും എത്തിക്കുന്നതിനുള്ള ജങ്കാർ സർവ്വീസും ഉണ്ട്.

ചരക്കു ഗതാഗത രംഗത്ത് പ്രധാനമായും എഫ്.എ.സി.റ്റി.-ക്കു വേണ്ടി തുറമുഖത്തുനിന്ന് ഫാക്ടറിയിലേക്ക് ബാർജുകൾ വഴി അസംസ്കൃത വസ്തുക്കൾ എത്തിച്ചുകൊടുക്കുന്ന ജോലിയാണ് ഉള്ളത്. കൂടാതെ, കേരള വാട്ടർ അതോറിറ്റിക്ക് വേണ്ടി സമീപപ്രദേശങ്ങളിലെ ദ്വീപു നിവാസികൾക്ക് ബാർജുകൾ വഴി കുടിവെള്ളം എത്തിച്ചുകൊടുക്കുന്ന ജോലിയും ഇപ്പോൾ നടക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി-ഇ) കൊച്ചിയിൽനിന്നും കൊളംബോയിലേക്ക് യാത്രാ കപ്പൽ സർവ്വീസ് ഒരു സ്വകാര്യ ഏജൻസിയുടെ പങ്കാളിത്തത്തോടെ നടത്തുവാനുള്ള പദ്ധതി തയ്യാറാക്കി ആയത് അംഗീകാരത്തിനായി കപ്പൽ ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയാണ്. 2004 ഫെബ്രുവരി മാസത്തോടുകൂടി സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും മേൽപ്പറഞ്ഞ അനുവാദം ലഭിക്കാത്തതു മൂലം സർവ്വീസ് ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ബർത്തിംഗ്, യാത്രക്കാരുടെ ലഗേജ്, കസ്റ്റംസ് ക്ലിയറൻസ് എന്നിവയ്ക്കുള്ള സൗകര്യത്തിനുവേണ്ടി സംസ്ഥാന തുറമുഖ വകുപ്പിനേയും സമീപിച്ചിട്ടുണ്ട്. പ്രസ്തുത അനുമതികൾ ലഭിച്ചാലുടൻ തന്നെ കപ്പൽ സർവ്വീസ് തുടങ്ങുന്നതിന് സ്വകാര്യ ഏജൻസി തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

## പ്രവർത്തന രഹിതവും ക്ഷയോൻമുഖവുമായ പ്രാഥമിക സഹകരണ സംഘങ്ങൾ

133 [2260] ശ്രീ.എം. കെ. പോൾസൺമാസ്റ്റർ:

„ എ. സുജനപാൽ:

„ ശ്രീമതി രാധാരാഘവൻ:

„ ശ്രീ. ഡൊമനിക് പ്രസന്റേഷൻ:

„ ലൂഡീലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര പ്രാഥമിക സഹകരണ സംഘങ്ങൾ പ്രവർത്തന രഹിതമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തന രഹിതവും ക്ഷയോൻമുഖവുമായ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ അവയുടെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) 538 പ്രാഥമിക സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തന രഹിതമാണ്.

(ബി) ഉണ്ട്. കേരള സഹകരണ വെൽഫെയർ ആന്റ് ഡവലപ്പ്മെന്റ് ബോർഡ് മുഖാന്തിരം ക്ഷയോന്മുഖമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ, പ്രത്യേക പുനരുജ്ജീവനപദ്ധതി മുഖേന നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും വനിതാ സഹകരണ സംഘങ്ങൾക്കും മാക്രോമാനേജ്മെന്റ് പദ്ധതിയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കൺസ്യൂമർ സംഘങ്ങൾക്കും മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾക്കും പുനരുദ്ധാരണത്തിനായി ഓഹരിയിനത്തിൽ പ്രത്യേക ധനസഹായ പദ്ധതിയും നിലവിലുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം, പുനരുദ്ധാരണത്തിനായി തയ്യാറാക്കുന്ന പദ്ധതിയുടെ പരമാവധി 65 ശതമാനം (സബ്സിഡി-20, ശതമാനം ഓഹരി 20 ശതമാനം, വായ്പ 25 ശതമാനം) ധനസഹായമായി നൽകാനുള്ള പദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly